(ഡി) കാർഷിക മേഖലയിൽ വിജ്ഞാന വ്യാപന രംഗത്ത് ഒരു പുത്തനുണർവ്വുണ്ടാകാൻ 'ആത്മ' പദ്ധതികൾ നടപ്പിലാക്കിയതിലൂടെ സാധിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധങ്ങളായ പദ്ധതികൾ വിജയിപ്പിക്കുന്നതിനാവശ്യമായ കർഷക അനുബന്ധ മേഖലകളിലെ പരിശീലനങ്ങൾ. പ്രദർശനത്തോട്ടങ്ങൾ. പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നതിനും കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനുമുള്ള അനുപൂരണ സമ്പ്രദായമായി 'ആത്മ' പദ്ധതികൾ മാറിക്കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് കൃഷിയിൽ ആഭിമുഖ്യം വളർത്തുന്നതിനും കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക ഗ്രൂപ്പുകൾക്കും കൃഷിക്കാർക്കും ബ്ലോക്ക് തലത്തിൽ വരെ അവാർഡുകൾ ഏർപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. പ്രാദേശികമായ കാർഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാ തലത്തിൽ കർഷകരും. ശാസ്ത്രജ്ഞരും, ഉദ്യോഗസ്ഥരും ചേർന്നുള്ള ശില്പശാലകൾ നടപ്പിലാക്കാൻ സാധിച്ചു. മികച്ച കർഷകരുടെ കൃഷിയിടങ്ങളിൽ കർഷകരുടെ നേതൃത്വത്തിൽ തന്നെ നടപ്പിലാക്കി വരുന്ന ഫാം സ്കൂളുകളും 'ആത്മ' പദ്ധതിയുടെ നേട്ടങ്ങളാണ്. കാർഷിക വാർത്തകളും അറിവുകളും പ്രക്ഷേപണം ചെയ്യുന്നതിനായി വയനാട് ജില്ലയിലെ മാനന്തവാടിയിൽ ഒരു കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കുട്ടനാട് മേഖലയിൽ ഒരു റേഡിയോ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗപ്പെടുത്തിയുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടന്നു വരുന്നു.

(ഇ) ഇപ്പോൾ നടപ്പിലാക്കുന്നില്ല. 'ആത്മ' മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താത്ത പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്.

**സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട്**

**9(*129)** ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ് : റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ :

(സി) ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള കുറഞ്ഞതും കൂടിയതുമായ വർദ്ധനവ് എത്രയാണ് ;

(ഡി) സഹകരണ സംഘങ്ങളുടെ വികസനത്തിനായി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ശിപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ :

(ഇ) കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള ആനുകൂല്യങ്ങൾ എല്ലാ സഹകരണ സംഘം ജീവനക്കാർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ അടിസ്ഥാന ശമ്പളത്തോടൊപ്പം 24 ശതമാനം ക്ഷാമബത്ത ലയിപ്പിക്കുന്നതിനും 6 ശതമാനം വർദ്ധനവ് വരുത്തുന്നതിനും സർവ്വീസ് വെയ്റ്റേജ് നൽകുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ എം.സി.എ./എം.ബി.എ./ സി.എ. എന്നിവയിൽ ഏതെങ്കിലും ഒന്നോ, ഒന്നിലധികമോ യോഗ്യതയുള്ളവർക്ക് ഒരു അഡീഷണൽ ഇൻക്രിമെന്റും ശിപാർശ ചെയ്തിട്ടുണ്ട്. 5, 10, 20 വർഷങ്ങൾക്ക് സർവ്വീസ് വെയ്റ്റേജും 8, 16, 23, 28 വർഷങ്ങൾക്ക് ഹയർ ഗ്രേഡും ശിപാർശ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) റിപ്പോർട്ടിലെ ശിപാർശ പ്രകാരം ജീവനക്കാരന് പ്രതിമാസം ലഭിക്കുന്ന ഏറ്റവും കുറഞ്ഞ വർദ്ധനവ് 1,020 രൂപയും കൂടിയ വർദ്ധനവ് 14,385 രൂപയും ആണ്.

(ഡി) സംഘങ്ങളുടെ വികസനത്തിനായി കമ്മീഷൻ റിപ്പോർട്ടിൽ ശിപാർശകളൊന്നും സമർപ്പിച്ചിട്ടില്ല.

(ഇ) കമ്മീഷന്റെ ശിപാർശ അംഗീകരിക്കുന്ന മുറയ്ക്ക് അതുപ്രകാരമുള്ള ആനുകൂല്യങ്ങൾ എല്ലാ സഹകരണ സംഘം ജീവനക്കാർക്കും ലഭ്യമാക്കുന്നതാണ്.

## നോക്കുകൂലി

10(*130) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ നിയമത്തിൽ നോക്കുകൂലി തൊഴിലാളികളുടെ അവകാശമാക്കി കൊണ്ട് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തുന്നതിനുള്ള നഷ്ട പരിഹാരമാണ് നോക്കുകൂലി എന്ന പുതിയ നിർവ്വചനം സർക്കാർ അംഗീകരിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ നോക്കുകൂലി അവസാനിപ്പിക്കാൻ എന്തെല്ലാം നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട് ; ആവശ്യമെങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്തുന്നതിന് തയ്യാറാകുമോ ;

(ഡി) തൊഴിൽമേഖലയിൽ നിലനിൽക്കുന്ന ഈ അനാചാരം പൊതുജനങ്ങൾക്കും, നാടിന്റെ വ്യവസായ വികസനത്തിനും ഹാനികരമാണെന്ന കാര്യം സർക്കാർ അംഗീകരിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly